പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4709 | 26.10.2016 ന് മറുപടിയ്ക്ക്.

# ഐ. ടി. ഐ. കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഐ. ടി. ഐ. കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; | (എ) ഉണ്ട്. |
| ((ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) ഐ.ടി.ഐ. കളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിട നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം (ക്ലാസ്സ് റൂം/വർക്ക്ഷോപ്പ്), ഇലക്ട്രിഫിക്കേഷൻ/ റീവയറിംഗ്, പഠനോപകരണങ്ങളുടെ സംഭരണം, ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്നിവയ്ക്കായി നടപ്പ സാമ്പത്തിക വർഷം 57.61 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഇതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി സിവിൽ വർക്ക്സ് ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി വരുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം ഇതിനായി മേല്പറഞ്ഞ തുകയിൽ 20 കോടി രൂപ വകകൊള്ളിക്കുകയും ഇതുവരെ 14.8 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളിൽ റീവയറിംഗ് ഉൾപ്പെടെയുള്ള ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്തിവരുന്നു. നടപ്പ സാമ്പത്തിക വർഷം ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി 2.18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഐ.ടി.ഐ. കളിൽ പരിശീലനം നടത്തിവരുന്ന ട്രെയിനികൾക്കായുള്ള ഹോസ്റ്റൽ, ടോയ് ലറ്റ് ബ്ലോക്ക്, |

കാന്റീൻ, ക്വാർട്ടേഴ്സ്, ചുറ്റുമതിൽ എന്നിവ ഉൾപ്പെടെയുള്ള നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഐ.ടി.ഐ. കളിൽ നടന്നുവരുന്നു. കൂടാതെ ഐ.ടി.ഐ.കളിൽ വർക്ക്ഷോപ്പ്, ക്ലാസ്റ്റൂം എന്നിവയുടെ മെയിന്റനൻസ് വർക്കുകൾ നടത്തിവരുന്നുണ്ട്. ഐ.ടി.ഐ.കളുടെ ചെറുകിട മരാമത്തു പണികൾക്കായി നടപ്പു സാമ്പത്തിക വർഷം 2.5 കോടി രൂപ അനുവദിക്കുകയും അതനുസരിച്ചുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നുണ്ട്.

സ്വന്തമായി സ്ഥലമില്ലാത്ത ഐ.ടി.ഐ.കൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 ഐ.ടി.ഐ. കൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി നടപ്പിലാക്കുന്നതിന് KIIFB-യുടെ വെബ്സൈറ്റിൽ പ്രോജക്ട് വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടുണ്ട്.

(സി) കാലാനുസൃതമായി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം ലഭിച്ചവരെ സൃഷ്ടിക്കുന്നതിലേക്കായി കൂടുതൽ മേഖലകളിൽ ഐ. ടി. ഐ. കളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും, തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ കളിൽ ഇനിയും അപ്രകാരം അവശേഷിക്കുന്ന തൊഴിൽ സാധ്യത കുറഞ്ഞ ട്രേഡുകൾ കണ്ടെത്തി ആയത് നിറുത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള നടപടിയും വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ